# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.583 — 03/03/2020-ൽ മറുപടിക്ക്

## ലെക്കിടിയിൽ പുതിയ സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>**ശ്രീ.പി. ഉണ്ണി** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ലെക്കിടിയിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് കെ.എസ്. ഇ.ബി ഭരണാനുമതി നല്കിയത് എന്നാണെന്നറിയിക്കാമോ; | (എ) | 24/02/2016-ലെ B.O.(DB) No.594/2016 (D(D&S)/D6/ AE2/New Sections/2016) എന്ന ബോർഡ് ഉത്തരവിലൂടെയാണ് ലക്കിടിയിൽ കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയത്. |
| (ബി) | ലെക്കിടി സെക്ഷൻ ഓഫീസ് എന്ന് യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ? | (ബി) | പുതിയ സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടം അല്ലെങ്കിൽ ഓഫീസ് മന്ദിരം പണിയുന്നതിന് സൗജന്യമായി 10 സെന്റ് സ്ഥലം, ഇവയിലേതെങ്കിലും ഒന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതുണ്ട്. ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ള 10 സെന്റ് സ്ഥലം കെ.എസ്. ഇ.ബി.ക്ക് കൈമാറുന്നതിനും അതുവരെ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാടക നൽകി കെ.എസ്.ഇ.ബി.ക്ക് ലഭ്യമാക്കാനും തീരുമാനി ച്ചതായി പഞ്ചായത്ത് അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്തും കെട്ടിട ഉടമയും ഒപ്പിട്ട കരാർ ലഭ്യമാക്കിയിട്ടില്ല. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ